# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ഗ്ലോബൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസ്- നടത്തിപ്പ് ആവശ്യങ്ങൾക്കായി രണ്ട് കോടി രൂപ അനുവദിച്ചതിൽ ബാക്കിതുക പിൻവലിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(എം.എസ്)നം.14/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 17/01/2014**

---

പരാമർശം:- 1) സഉ(സാധാ)നമ്പർ 1913/13/തസ്വഭവ തീയതി 19/07/2013.
2) സഉ(സാധാ)നമ്പർ 2833/13/തസ്വഭവ തീയതി 20/11/2013.
3) സഉ(സാധാ)നമ്പർ 388/13/തസ്വഭവ തീയതി 18/12/2013.
4) ചീഫ് കോ ഓർഡിനേറ്ററുടെ 09/01/2014 കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ രണ്ട് കോടി രൂപ ചെലവഴിച്ച് 3 ദിവസം ദൈർഘ്യമുള്ള ഗ്ലോബൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസ് എന്ന് നാമകരണം ചെയ്ത് ഒരു മീറ്റ് സംഘടിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 2014 ജനുവരി 19,20,21 തീയതികളിൽ സംഘടിപ്പിക്കാൻ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത സമ്മേളനത്തിന്റെ നടത്തിപ്പിനായി രണ്ട് കോടി രൂപ ചെലവഴിക്കുന്നതിന് പരാമർശം(2) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഗ്ലോബൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസിന്റെ നടത്തിപ്പിനായി രണ്ട് കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2515-800-11 ബജറ്റ് ശീർഷകത്തിൽ നിന്നും രണ്ട് തുല്യ ഗഡുക്കളായി പിൻവലിക്കുന്നതിന് സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസർക്ക് അനുമതി നൽകിയും ആയതിന് തദ്ദേശസ്വയംഭരണ (എഎ) വകുപ്പിലെ അണ്ടർ സെക്രട്ടറിയെ അധികാരപ്പെടുത്തിയും പരാമർശം (3) പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

ഈ തുകയിൽ ആദ്യ ഗഡുവിന്റെ 70% തുക വിനിയോഗിച്ചതിനുശേഷം മാത്രം ബാക്കി തുക പിൻവലിക്കേണ്ടതാണെന്നും കൂടാതെ തുക പിൻവലിച്ച് ഗ്ലോബൽ കോൺഫറൻസിന്റെ ചീഫ് കോ ഓർഡിനേറ്ററുടെയും, ഫിനാൻസ് കമ്മിറ്റി കൺവീനറുടെയും പേരിൽ SBI യിൽ പുതുതായി തുടങ്ങിയിട്ടുള്ള അക്കൗണ്ട് നമ്പർ 33250925617 ൽ നിക്ഷേപിക്കുന്നതിനും പരാമർശം (3) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഒന്നാം ഗഡുവിന്റെ 70% ചെലവഴിച്ചുകഴിഞ്ഞ സാഹചര്യത്തിൽ

രണ്ടാം ഗഡുവായ ഒരു കോടി രൂപ അനുവദിക്കുന്നതിന് സൂചന (4) പ്രകാരം ഗ്ലോബൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസിന്റെ ചീഫ് കോ ഓർഡിനേറ്റർ അഭ്യർത്ഥിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ 2515-00-800-11 International Meet of Local Governance (NP-V) ബജറ്റ് ശീർഷകത്തിൽ നിന്നും അനുവദിച്ച രണ്ട് കോടി രൂപയിൽ ബാക്കിയുള്ള ഒരു കോടി രൂപ പിൻവലിക്കുന്നതിന് ചീഫ് കോ ഓർഡിനേറ്ററായ സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസർക്ക് അനുമതി നൽകിയും ആയതിന് തദ്ദേശസ്വയംഭരണ (എഎ) വകുപ്പിലെ അണ്ടർ സെക്രട്ടറിയെ അധികാരപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**വി.ശോഭ**
**സ്പെഷ്യൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എൽ.ബി&എ) കേരള
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
അണ്ടർസെക്രട്ടറി, തദ്ദേശസ്വയംഭരണ(എഎ) വകുപ്പ്
ധനകാര്യ വകുപ്പ്(17/01/2014 ലെ 5076/Dev.2/2014/ഫിൻ പ്രകാരം
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസർ
എക്സിക്യൂട്ടീവ് ഡയറക്ടർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) IKM
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ